# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1205 — 12-06-2014-ലെ മറുപടിക്ക്

സപ്ലൈകോയുടെ ഉത്സവച്ചന്തകൾ

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. വി. ചെന്താമരാക്ഷൻ

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി നടത്തുന്ന പ്രത്യേക ഉത്സവച്ചന്തകൾ ഫലപ്രദമായി നടക്കുന്നില്ല എന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ബി) കഴിഞ്ഞ വിഷു-ഈസ്റ്റർ ഉത്സവകാലത്ത് പല കേന്ദ്രങ്ങളിലും ഇത്തരം ചന്തകൾ കൃത്യമായി പ്രവർത്തിച്ചിരുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

സി) ഉത്സവച്ചന്തകളിൽ അവശ്യവസ്തു- ക്കളുടെ വിതരണം നാമമാത്രമായിരു- ന്നുവെന്നത് പൊതുമാർക്കറ്റിൽ വൻവിലവർദ്ധനവിന് ഇടയാക്കിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എ), ബി) & സി) സപ്ലൈകോ എല്ലാ വർഷങ്ങളിലും ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ എന്നീ ഉത്സവവേളകളിൽ പ്രത്യേക ഉത്സവച്ചന്തകൾ നടത്താറുണ്ട്. ഈ ഉത്സവചന്തകളുടെ പ്രവർത്തനം അവശ്യ ഭക്ഷ്യ വസ്തുക്കൾ ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുകയും ഉത്സവകാലത്ത് പൊതു വിപണിയിലു- ണ്ടാകുന്ന നിയന്ത്രണാതീതമായ വിലവർദ്ധനവ് തടയുകയും അവശ്യ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുകയുമാണ് ചെയ്യുന്നത്. ഈ ചന്തകളുടെ പ്രവർത്തനംവഴി ഉത്സവ കാലങ്ങളിൽ പൊതു വിപണിയിലുണ്ടാകുന്ന കൃത്രിമമായ വിലവർദ്ധനവ് വളരെ ഫലപ്രദമായ രീതിയിൽ തടയാൻ കഴിഞ്ഞിട്ടുണ്ട്.

ഈ വർഷവും കഴിഞ്ഞ വർഷങ്ങളിലെപ്പോലെ വിഷു-ഈസ്റ്റർ ഉത്സവകാലത്ത് 406 പ്രത്യേക ഉത്സവചന്തകൾ പ്രവർത്തിച്ചിരുന്നു. എറണാകുളം, കോട്ടയം, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, തൃശൂർ, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിൽ സ്പെഷ്യൽ ഫെയറുകളും മറ്റു സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ വില്പനശാലകളോടനുബന്ധിച്ച് വിഷു-ഈസ്റ്റർ ഫെയറുകളും നടത്തിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ എല്ലാ മാവേലി സ്റ്റോറുകളും ഇടവേള എടുക്കാതെ രാവിലെ മുതൽ വൈകീട്ടുവരെ തുടർച്ചയായി പ്രവർത്തിച്ചിട്ടുണ്ട്.

ടി ഫെയറുകളിൽ അവശ്യ ഭക്ഷ്യ വസ്തുക്കൾക്കു പുറമേ ഉത്സവസമയത്ത് ജനങ്ങൾ പ്രത്യേകമായി ആവശ്യപ്പെടുന്ന വസ്തുക്കളുടെ ലഭ്യതയും ഉറപ്പാക്കിയിരുന്നു. ഇക്കാലത്ത് എല്ലാ ഞായറാഴ്ചകളിലും, പെസഹവ്യാഴം മുതലായ അവധി ദിവസങ്ങളിലും ടി ഫെയറുകൾ കാര്യക്ഷമമായി പ്രവർത്തിച്ചതുമൂലം ഉത്സവസമയത്ത് പൊതുവിപണിയിലു- ണ്ടാകുന്ന വില വർദ്ധനവ് പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഉത്സവകാലച്ചന്തകൾ ഫലപ്രദമായി നടത്തുന്നതിന് ധനസഹായം നൽകുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടോ? | ഡി) | ഇല്ല. |
| ഇ | ഉത്സവകാലങ്ങളിലെ അമിതമായ വില വർദ്ധന തടയുന്നതിനായി മാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോക്ക് ആവശ്യമായ ഫണ്ട് യഥാസമയം നൽകുന്നതിന് തയ്യാറാകുമോ? | ഇ | പരമാവധി തുക യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**